# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2115

16.08.2017 ൽ മറുപടിക്ക്

### ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റ്റി.വി. രാജേഷ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും നടപടി ക്രമങ്ങളുടെ ലഘൂകരണത്തിനുമായി "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് "നായി നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും ആവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിന് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. |
| (ബി) | സംരംഭകത്വം പ്രോത്സാഹിക്കുന്നതിനും നിലവിലുള്ള സംരംഭകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വിവിധ സംരംഭകത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ ; | (ബി) | വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ് , സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, നൈപുണ്യ വികസന പദ്ധതി (Skill Development Programme) തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു. ബോധവൽക്കരണ / പരിശീലന ക്ലാസ്സുകൾക്കും സംരംഭകത്വ വികസന പരിശീലന പരിപാടികൾക്കും പുറമെ MSME ഉല്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ , ടെക്നോളജി ക്ലിനിക്കുകൾ , ബിസിനസ് റ്റു ബിസിനസ് മീറ്റ് എന്നീ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 2017 – 18 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ പദ്ധതികൾക്കായി 96 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള സംരംഭക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള സംരംഭക സഹായ പദ്ധതി (ഇ എസ് എസ്) 2012 - 13 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ജി. ഒ (ആർ ടി) നം. 1747/12/ഐഡി തീയതി. 26.11.2012 , ജി. ഒ (ആർ ടി) നം. 156/12/ഐ ഡി തീയതി. 28.12.2012 പ്രകാരമുള്ള ഗൈഡ് ലൈൻസിന് വിധേയമായാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ജനറൽ കാറ്റഗറിയിൽ ഉള്ള സംരംഭകർക്ക് ഫിക്സഡ് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 15% , പരമാവധി 20 ലക്ഷം രൂപവരെയും, വനിതകൾ / എസ്. സി എസ് ടി യുവസംരംഭകർ എന്നിവർക്ക് ഫിക്സഡ് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 20%, പരമാവധി 30 ലക്ഷം രൂപ വരെയും മുൻഗണന വ്യവസായങ്ങൾക്ക് 10%, അധികസഹായം പരമാവധി 10 ലക്ഷം രൂപ വരേയും, പിന്നോക്ക ജില്ലകളായ പത്തനംതിട്ട, ഇടുക്കി, വയനാട്. കാസർഗോഡ് എന്നീ ജില്ലകളിൽ വ്യവസായം ആരംഭിക്കുന്നവർക്ക് അധികസഹായമായി 10%, പരമാവധി 10 ലക്ഷം രൂപ വരേയും നൽകിവരുന്നു. പരമാവധി സഹായം 30 ലക്ഷം രൂപയാണ്. ടി സഹായം 3 ഘട്ടങ്ങളിലായാണ് (സ്റ്റാർട്ടപ് സപ്പോർട്ട്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, ടെക്നോളജി സപ്പോർട്ട്) വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ